## പതിമൂന്നാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1947 14.07.2011—ൽ മറുപടിക്ക്

## പഴയ പൈപ്പുകൾ മാറ്റി സ്ഥാപിയ്ക്കുന്നതിനുള്ള നടപടി

| ചോദ്യം | | മറുപടി |
| --- | --- | --- |
| ശ്രീ. എ. പ്രദീപ് കുമാർ | | ശ്രീ. പി. ജെ. ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) കോഴിക്കോട് നഗരത്തിൽ കുടിവെള്ള വിതരണം ചെയ്യുന്ന പഴയ പൈപ്പുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്നതിന് എത്ര രൂപയാണ് വകയിരുത്തി—യിട്ടുള്ളത്; | (എ) | കോഴിക്കോട് നഗരകുടിവെള്ള വിതരണ പദ്ധതിയുടെ പഴകിയ പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിന് 2500 ലക്ഷം രൂപയുടെ ഭരണാനുമതി മാന്ദ്യവിരുദ്ധ പാക്കേജിൽ ഉൾപ്പെടുത്തി ലഭിക്കുകയുണ്ടായി. ഈ പദ്ധതി ഉൾപ്പെടെ 6 പദ്ധതികൾക്കുവേണ്ടി 6000 ലക്ഷം രൂപ 2011-12—ൽ വകയിരുത്തിയിട്ടുണ്ട്. |
| (ബി) പ്രസ്തുത പ്രവൃത്തി നടപ്പിലാക്കുന്നതിന് വാട്ടർ അതോറിറ്റി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; | (ബി) | പ്രവൃത്തിയുടെ ഭാഗമായി പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിനായി 6 പാക്കേജുകളിലായി പ്രവൃത്തികൾ ടെണ്ടർ ചെയ്തു. അതിൽ ഒരു പാക്കേജിന് അംഗീകാരം ലഭിച്ചു. (പന്നിയങ്കര ഭാഗങ്ങളിലെ പൈപ്പുകൾ മാറ്റി സ്ഥാപിക്കൽ) മറ്റു പാക്കേജുകളുടെ ടെണ്ടർ അധിക നിരക്ക് ക്വാട്ട് ചെയ്തതിനാൽ ടെണ്ടറുകൾ റദ്ദാക്കി 2010 നിരക്ക് പ്രകാരം എസ്റ്റിമേറ്റ് പുതുക്കി വീണ്ടും പ്രവൃത്തികൾ ടെണ്ടർ ചെയ്യാനുള്ള നടപടികൾ ത്വരിതഗതിയിൽ സ്വീകരിച്ചു വരുന്നു. |
| (സി) പ്രസ്തുത പ്രവൃത്തി ഇതുവരെ ആരംഭിച്ചിട്ടില്ലെങ്കിൽ ആയതിനുള്ള കാരണം വിശദമാക്കുമോ? | (സി) | പദ്ധതിയുടെ ഭാഗമായുള്ള പ്രവൃത്തികളുടെ ടെണ്ടർ വിളിച്ചെങ്കിലും കരാറുകാർ അധിക നിരക്ക് ക്വാട്ട് ചെയ്തതിനാൽ ടെണ്ടറുകൾക്ക് അംഗീകാരം ലഭിക്കാതെ വന്നതാണ് പദ്ധതിയുടെ പ്രവൃത്തി ഇതുവരെ ആരംഭിക്കാൻ കഴിയാതെ അംഗീകാരം ലഭിച്ച പാക്കേജ് എഗ്രിമെന്റ് വയ്ക്കുന്ന മുറയ്ക്ക് പ്രവൃത്തി ആരംഭിക്കുന്നതാണ്. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ